ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കാത്ത ഒരു കാര്യം, 1996 ആകുമ്പോഴേക്കും നോക്കാമെന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്. കാരണം അന്നത്തെ സാമ്പത്തികസ്ഥിതി അനുകൂലമല്ല, അതുകൊണ്ടാണ് നീണ്ടുപോയത്. ഞാൻ വ്യക്തമായി പറഞ്ഞല്ലോ, സാമ്പത്തികമായ പ്രയാസങ്ങൾ ഒരു കാരണമായിരുന്നു. അതാണ് പ്രധാനമായ കാരണം.

VI. സബ്മിഷൻ

(1) തെങ്ങുകയറ്റത്തൊഴിലാളിയായ തമ്പിയുടെ ദുരൂഹ സാഹചര്യത്തിലുള്ള മരണം

ശ്രീ. വി. കേശവൻ: സർ, പട്ടികജാതിക്കാരനായ ഒരു തെങ്ങു കയറ്റ തൊഴിലാളി ഭരണിക്കാവ് പഞ്ചായത്തിൽ എന്റെ താമസസ്ഥലത്തിന് അടുത്ത് അതിദാരുണമായി കൊല ചെയ്യപ്പെട്ട സംഭവമാണ്. ഭരണിക്കാവ് തെക്ക് വാർഡിൽ തമ്പി എന്നു വിളിക്കുന്ന 50 വയസ്സുള്ള ഗോപാല കൃഷ്ണൻ കഴിഞ്ഞ മാസം 13-ാം തീയതി തന്റെ വീടിനടുത്തുള്ള പഞ്ചായത്ത് വഴിയിൽ മരിച്ചുകിടക്കുന്നതായി ആളുകൾ കണ്ടു. താൻ സ്ഥിരമായി ജോലിക്ക് പോകുന്ന വീട്ടിലെ ഒരു വിവാഹ നിശ്ചയ അടിയന്തിരത്തിന് ശ്രമിക്കാൻ ഫെബ്രുവരി 12-ാം തീയതി പകലേ തമ്പി പോയി. രാത്രി എട്ടരവരെ തമ്പി അവിടെയുണ്ടായിരുന്നു. അതിനു ശേഷം തമ്പിയെ കണ്ടില്ല. മൃതദേഹം കോട്ടയം മെഡിക്കൽ കോളേജിലെ പോലീസ് സർജനാണ് പോസ്റ്റ്മോർട്ടം നടത്തിയത്. മരണകാരണം എന്താണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. അത് പരിശോധനയ്ക്ക് വീണ്ടും വച്ചിരിക്കുകയാണ്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ, തമ്പിയുടെ വായിൽനിന്നും വലതു ചെവിയിൽനിന്നും രക്തം ഒഴുകിയിരുന്നതായും നാക്കിന്റെ ചുവട്ടിലെ ഞരമ്പ് കുറുകിയിരുന്നതായും ദേഹത്ത് ചെളി പുരണ്ടിരുന്നതായും പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് പരിശോധിച്ചാൽ അതൊരു കൊലപാതകമാണെന്ന് വ്യക്തമാണ്. മാവേലിക്കര പോലീസ് സർക്കിളിന്റെ കീഴിൽ കുറത്തിയാട് പുതുതായി സ്ഥാപിച്ച പോലീസ് സ്റ്റേഷൻ അതിർത്തിയിലാണ് സംഭവം നടന്നത്. അവിടത്തെ സബ് ഇൻസ്പെക്ടർ എ. രവീന്ദ്രനും മറ്റ് ഏതാനും പോലീസുകാരും തൽപ്പരകക്ഷികളും തമ്പി പാമ്പ് കടിയേറ്റ് മരിച്ചതാണെന്നും ഹാർട്ട് അറ്റാക്ക് മൂലം മരിച്ചതാണെന്നുമൊക്കെ പ്രചരിപ്പിക്കുന്നുണ്ട്. ഇതൊരു വലിയ വിവാദ പ്രശ്നമാണ്. അവിടെ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ സകല ആളുകളും എല്ലാ രാഷ്ട്രീയ കക്ഷികളും ഇതൊരു കൊലപാതകമാണെന്നും ഇതിനെപ്പറ്റി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. പോലീസിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയും ഉണ്ടാകുന്നില്ല. ഇത് ആളുകളിൽ വലിയ ഭീതി പരത്തിയിരിക്കുകയാണ്. കുറത്തിയാട് പോലീസിന്റെ അന്വേഷണം ഫലപ്രദമല്ലാത്തതുകൊണ്ട് ക്രൈം ബ്രാഞ്ച് പോലീസിനെക്കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കണം. ഡെഡ് ബോഡി ദഹിപ്പിച്ചിട്ടില്ല. അത് റീ പോസ്റ്റ്മോർട്ടം നടത്തി മരണകാരണം വ്യക്തമായി കണ്ടുപിടിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, ബഹുമാനപ്പെട്ട വി. കേശവൻ ഉന്നയിച്ച സംഭവത്തെ സംബന്ധിച്ച് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. മൃത ശരീരത്തിൽനിന്നും ശേഖരിച്ച വിസറ രാസപരിശോധനയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. അതിൻെറ റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ മരണത്തെ സംബന്ധിച്ച് കൊലപാതകമാണോ, മറെറന്താണെന്ന് കൃത്യമായിട്ട് പറയാൻ സാധിക്കുകയുള്ളൂ. ഏതായാലും ഇതു സംബന്ധിച്ച് നിരവധി പേരെ ഇപ്പോൾത്തന്നെ ചോദ്യം ചെയ്തിട്ടുണ്ട്. അന്വേഷണം ഊർജ്ജിതമായിട്ട് നടത്താനും സത്യാവസ്ഥ വെളിച്ചത്തു കൊണ്ടുവരാനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ ഏർപ്പാട് ചെയ്യാം. തുടർന്ന് അന്വേഷണഗതി മറേറതെങ്കിലും നിലയിൽ മാറേറണ്ടതുണ്ടെങ്കിൽ അതിനെക്കുറിച്ച് പിന്നീട് ആലോചിക്കാം.

(2) ദേശീയവേദി തൃശ്ശൂർ ജില്ലാ പ്രസിഡൻറ് പ്രതാപനെ അക്രമിച്ചതായി പറയപ്പെടുന്ന സംഭവം

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്ന തൃശ്ശൂരിലെ സാംസ്കാരിക മേഖലയെ ആകെ ഞെട്ടിപ്പിച്ച ഒരു സംഭവമാണ് മിനിഞ്ഞാന്ന് രാത്രി ഉണ്ടായത്. ദേശീയ വേദിയുടെ ജില്ലാ പ്രസിഡൻറ് ശ്രീ. ടി. എൻ. പ്രതാപനും ഏഴംഗ സംഘവും കൂടി തൃശ്ശൂർ ജില്ലയിലെ കാരമുക്ക് പ്രദേശത്ത് തെരുവു നാടകം അരങ്ങേറിക്കൊണ്ടിരുന്നപ്പോൾ അവരെ ഒരു പറ്റം സാമൂഹ്യ ദ്രോഹികൾ കയ്യേറ്റം ചെയ്യുകയും മൃഗീയമായി മർദ്ദിക്കുകയും അവർ സഞ്ചരിച്ചിരുന്ന വാഹനം കേടു വരുത്തുകയും ചെയ്തു. തൃശ്ശൂർ ജില്ലയിൽ മദ്യപാനംമൂലം ഏറ്റവും അധികം ദുരിതം അനുഭവിക്കുന്ന സ്ത്രീജനങ്ങളുടെ ആഗ്രഹപ്രകാരമാണ് ഈ നാടകം കോളനികളിലൊക്കെ അവതരിപ്പിക്കുന്നത്. ഗവൺമെൻറിനു ഒറ്റയ്ക്ക് മദ്യനിരോധനം പ്രാവർത്തികമാക്കാൻ സാധിക്കില്ല, സാമൂഹ്യസംഘടനകൾകൂടി മുന്നോട്ടുവരണം എന്നു അഭ്യർത്ഥിച്ചതുകൊണ്ടാണ്, ഹരിജന/ഗിരിജന മേഖലകളിലെ ജനങ്ങൾ ആവശ്യപ്പെട്ടതുകൊണ്ടാണ് ഇവർ ഈ നാടകം നടത്തുന്നത്. ആ സന്ദർഭത്തിലാണ് മദ്യ ബിസിനസ്സിൽ ഉൾപ്പെട്ടിട്ടുള്ള കുറെ ആളുകളും ഇതിനോട് എതിർപ്പുള്ള ചില രാഷ്ട്രീയ പാർട്ടികളുടെ ആളുകളും ചേർന്ന് സംഘടിതരായി, ഈ നാടകം ഒരു സ്ഥലത്തും അവതരിപ്പിക്കരുത് എന്നു പറഞ്ഞുകൊണ്ട് മർദ്ദനം അഴിച്ചുവിട്ടത്. ഒരു സ്ഥലത്തും ഈ നാടകം അവതരിപ്പിക്കരുത് എന്നു പറയുന്നതിൻെറ അർത്ഥം, ഇതിനു എതിരായിട്ട് സംഘടിതമായ ഗൂഢാലോചനയുണ്ടെന്നാണ്. പ്രതാപനെപ്പോലുള്ള ആളുകളെയും സാമൂഹ്യപ്രവർത്തകരെയും രാഷ്ട്രീയ പ്രവർത്തകരെയും ഈ ശ്രമത്തിൽനിന്നും പിന്തിരിപ്പിക്കാനുള്ള ഒരു ഗൂഢ ശ്രമം ഉണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് ഗവൺമെൻറ് കർശനമായ നടപടി ഇക്കാര്യത്തിലെടുക്കണം. ഈ നാടകം അവതരിപ്പിക്കേണ്ടത് സാംസ്കാരിക മേഖലയിലുള്ള എല്ലാവരുടേയും ആവശ്യമാണ്. അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly